ബന്ധിപ്പിച്ചുകൊണ്ടുള്ള കണക്ടിവിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾക്കും മറ്റ് ദീർഘദൂര സർവ്വീസുകൾക്കും ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ ഇതിനകം നിരത്തിലിറങ്ങി കഴിഞ്ഞിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർവ്വിസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിലേക്കായി 5 മേഖലാ യോഗങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയും പ്രതിദിന വരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനസ്ഥാന സർവ്വീസുകളുടെ ഹബ്ബ് ആയി മാറുവാൻ ഉദ്ദേശിക്കുന്ന ബെംഗളൂരുവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു എ.റ്റി.ഒ. ഓഫീസ് ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികളിലൂടെ വരുംദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ നാല് വർഷങ്ങളായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകുകയും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുകയും, ലേലം ടെൻഡർ നടപടികളിലൂടെ ഇവ ആവശ്യക്കാർക്ക് നൽകുകയും ചെയ്യുവരുന്നു. കൊറിയർ സർവ്വീസ്, ബാങ്ക് എ.റ്റി.എം. എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം പ്രദാനം ചെയ്യുന്നതിനായി ഇൻഡ്യൻ കോഫി ഹൗസിന്റെ ഔട്ട്ലെറ്റുകളുടെ പ്രാരംഭപ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കുന്നതുമാണ്.

മലയാളം ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതികൾ

7(*6) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മലയാളം ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് : വിശദമാക്കാമോ ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിലുണ്ട്.

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

8 (*7) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly